ഗ്രാമവികസന ഏജൻസികൾ അംഗീകരിച്ച റോഡുകളുടെ പണി

1687 [2537] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 സാമ്പത്തിക വർഷത്തിൽ ആർ.എൽ.ഇ.ജി.പി. അനുസരിച്ച് ജില്ലാ ഗ്രാമവികസന ഏജൻസികൾ അംഗീകരിച്ച റോഡ് പണികൾക്ക് ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ അപ്രകാരം അനുമതി നൽകിയ പണികളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ആർ.എൽ.ഇ.ജി.പി. പ്രോജക്റ്റുകൾ ജനപ്രതിനിധികളിൽ നിന്നു ലഭിക്കുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് തയ്യാറാക്കുന്നത് ഗവൺമെന്റ് തലത്തിലാണ്. ഡി. ആർ. ഡി. എ. കൾ വഴി റോഡുകളുടെ സാദ്ധ്യതകളെക്കുറിച്ച് അന്വേഷിച്ച ശേഷം പ്രോജക്ട് തയ്യാറാക്കുന്നു.

(ബി) 1985–86–ൽ റോഡുപണികൾ അനുവദിച്ചിട്ടില്ല. 1986–87–ൽ അനുവദിച്ച റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഒറ്റപ്പാലം ബ്ലോക്കിലെ മനിശ്ശേരി പറയാകോളനി

1688 [2540] ശ്രീ. വി. സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബ്ലോക്കിലെ വാണിയംകുളം പഞ്ചായത്തിൽ മനിശ്ശേരി പറയാകോളനിയിൽ ഒരു കിണർ കുഴിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എത്ര രൂപയാണ് ചെലവാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.;

(സി) ഈ കിണർ എത്ര ഹരിജൻ കുടുംബങ്ങൾക്ക് പ്രയോജനപ്പെടും?

ഉത്തരം

(എ) ഉണ്ട്.

(ബി) 15,000 രൂപ.

(സി) 20 കുടുംബങ്ങൾ.

അട്ടപ്പാടി ആദിവാസി വികസന ബ്ലോക്കിലെ ശുദ്ധ ജല വിതരണം

1689 [2541] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ സബ് പ്ലാനിൽപ്പെട്ട ഡിപ്രസ്ഡ് ട്രയിബ്സ് സ്കീം അനുസരിച്ച് അട്ടപ്പാടി ആദിവാസി വികസന ബ്ലോക്കിൽ 1984–85 1985–86 ഒക്ടോബർ 31 വരെ എത്തെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്;

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം;

(സി) ഓരോ പദ്ധതിയ്ക്കും എത്ര രൂപ വീതം ചെലവഴിച്ചു?

ഉത്തരം

(എ) താഴെ പറയുന്ന 7 പദ്ധതികൾ എറെടുത്തിട്ടുണ്ട്.

1. വാരഗംപടി ട്രൈബൽ കോളനി
2. വയലൂർ ട്രൈബൽ കോളനി
3. പാവടിയൂർ കുത്തുകുഴി
4. നായക്കംപ്പടി
5. നെല്ലിപ്പതി
6. വെള്ളമാരി (എക്സ്) അഗളി
7. വടങ്ങാട്ടുതറ ട്യൂബ്വെൽ സ്കീം.

ഇവ കൂടാതെ ഹാൻഡ് പമ്പ് ഘടിപ്പിച്ചിട്ടുള്ള 24 കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) 1. വാരഗംപടി, 2. വയലൂർ, 3. വടങ്ങാട്ടുതറ, 4. വെള്ളമാരി എന്നീ പദ്ധതികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി)

സ്കീമിന്റെ പേര്	ചെലവാക്കിയ രൂപ		
	1984–85	1985–86	1986–87
1. വാരഗംപടി	6,726	ഇല്ല	1,64,095
2. വയലൂർ	1,23,066	2,96,925	52,545
3. വടങ്ങാട്ടുതറ	29,931	46,317	3,285
4. വെള്ളമാരി	ഇല്ല	80,799	ഇല്ല

ബ്ലോക്ക് വികസന സമിതികൾ

1690 [2542] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് വികസനസമിതികൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ബി. ഡി. സി. കൾ എന്നാണ് ഗവൺമെൻറ് പിരിച്ചുവിട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ബി. ഡി. സി. കൾ ഗവൺമെൻറ് ഇപ്പോൾ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. 4–4–1983–ൽ പിരിച്ചുവിട്ടു.

(ബി) ഇല്ല. പഞ്ചായത്ത് തിരഞ്ഞെടുപ്പിനുശേഷം ബി. ഡി. സി. കൾ പുനഃസംഘടിപ്പിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly